(ബി) ആലക്കോട് എസ്റ്റേറ്റിൽ 1020.11 ഏക്കറും പേരാമ്പ്ര എസ്റ്റേറ്റിൽ 463.57 ഏക്കറും ഭൂമിയാണ് ഏറ്റെടുക്കുന്നത്. ആറളം ഫാം 7612 ഏക്കർ ആണുള്ളത്. ഇതിന്റെ പകുതി ഭാഗമാണ് ആദിവാസികൾക്ക് വിതരണത്തിന് ഉദ്ദേശിക്കുന്നത്.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ&എഫ്) ഉദിക്കുന്നില്ല.

(ജി) ആറളത്ത് എസ്റ്റേറ്റിൽ ഉദ്ദേശം 800 ആദിവാസി കുടുംബങ്ങളെയും പേരാമ്പ്ര എസ്റ്റേറ്റിൽ ഉദ്ദേശം 400 ആദിവാസി കുടുംബങ്ങളെയും പുനരധിവസിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എച്ച്-ജെ) പുനരധിവാസ പദ്ധതി നടപ്പാക്കുന്നില്ല. അവർക്ക് വി.ആർ.എസ്. നല്കി പിരിച്ചയക്കുന്നതാണ്.

ഭവന നിർമ്മാണ പദ്ധതിക്ക് ധനസഹായം

110 (4718) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതിപ്രകാരം അവർക്ക് വീട് വച്ചുകൊടുക്കുകയാണോ അതോ വീട് വയ്ക്കുന്നതിനുള്ള തുക അവരെ ഏല്പിക്കുകയാണോ ചെയ്യുന്നത് ;

(ബി) ഈ വർഷം ഈ ഓരോ വിഭാഗത്തിനും എത്ര വീടുകളുണ്ടാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് എന്നറിയിക്കാമോ ;

(സി) അതിൽ ഇതുവരെ ഓരോ വിഭാഗത്തിനും എത്രപേർക്ക് വീട് വച്ചു നൽകുകയോ വീട് വയ്ക്കാനുള്ള പണം കൊടുക്കുകയോ ചെയ്തുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) അവർക്ക് വീട് വയ്ക്കുന്നതിന് അനുവദിക്കുന്ന തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര രൂപ വീതം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വകുപ്പിലും പട്ടികവർഗ്ഗ വകുപ്പിലും ഭവന നിർമ്മാണത്തിനുള്ള തുക ഗുണഭോക്താക്കളെതന്നെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ സ്വന്തം നിലയിൽ വീടുകളുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുവാൻ കഴിവില്ലാത്തവർക്ക് സർക്കാർ ഏജൻസികൾ മുഖേന വീട് നിർമ്മിച്ച് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പട്ടികവർഗ്ഗ വികസന/പട്ടികജാതി വികസന വകുപ്പിലും ഈ വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക കഴിഞ്ഞ സാമ്പത്തിക വർഷം ഏറ്റെടുത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി വിനിയോഗിക്കുന്നതിനാൽ ഈ വർഷം പുതിയ വീടുകൾ അനുവദിച്ചിട്ടില്ല.

(ഡി) ഉണ്ട്. 12-11-2002-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 735/02/പജ.പവ.വി.വ. പ്രകാരം പട്ടികജാതിക്കാർക്ക് 35,000 രൂപയിൽ നിന്ന് 70,000 രൂപയായും 20-3-2003-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 261/03/പജ.പവ. വി.വ. പ്രകാരം പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണ ഗ്രാന്റ് 70,000 രൂപയായും ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 75,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായം

111 (4719) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക് വീട് വയ്ക്കുവാനുള്ള സ്ഥലം വാങ്ങുന്നതിനും കൃഷിക്കുള്ള സ്ഥലം വാങ്ങുന്നതിനും ധനസഹായം അനുവദിക്കാറുണ്ടോ ;

(ബി) എങ്കിൽ ഓരോ വിഭാഗത്തിലുംപെട്ട ഓരോരുത്തർക്കും എന്തു തുക വീതമാണ് അനുവദിക്കുന്നത് എന്നും നടപ്പുവർഷം ഓരോ വിഭാഗത്തിലുംപെട്ട എത്രപേർക്ക് വീതം ഈ ആനുകൂല്യം നല്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ;

(സി) ഇതുവരെ ഈ ഇനത്തിൽ ഓരോ വിഭാഗത്തിലും എത്രപേർക്ക് വീതം ധനസഹായം നല്കി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വീട് വയ്ക്കാനുള്ള സ്ഥലം വാങ്ങുന്നതിന് ധനസഹായം അനുവദിക്കാറുണ്ട്. കൃഷിസ്ഥലം വാങ്ങുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ ധനസഹായം അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly